എൽ.ആർ.ജി.3.26213/15

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് കോമ്പൗണ്ട്
മ്യൂസിയം ജംഗ്ഷൻ,തിരുവനന്തപുരം
തീയതി.14.1.2020

ക്വട്ടേഷൻ നോട്ടീസ്

വകുപ്പ് : റവന്യൂ

ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഔദ്യോഗിക വാഹനത്തിന്റെ (KL 01 BR 9779) എ.സി റിപ്പയർ ചെയ്യുന്നതിനാവശ്യമായ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള സ്പെയർ പാർട്സുകളുടെയും ലേബർ ചാർജ്ജിന്റെയും ചെലവുകൾ സംബന്ധിച്ച് താല്പര്യമുള്ള വിതരണക്കാരിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷൻ നൽകുന്ന കവറിനുമുകളിൽ "Quotation for the Supply of spare parts of the vehicle " എന്ന് രേഖപ്പെടുത്തി കമ്മീഷണർ ലാൻഡ് റവന്യൂ വകുപ്പ് , പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം എന്ന വിലാസത്തിലോ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ) യുടെ ക്യാബിനിൽ സൂക്ഷിച്ചിട്ടുള്ള ഡ്രോപ്പ് ബോക്സിലോ സമർപ്പിക്കേണ്ടതാണ്.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 16.1.2020 3.00 P.m അവസാന തീയതിക്കുശേഷം ലഭിക്കുന്ന ക്വട്ടേഷൻ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. ലഭ്യമായ ക്വട്ടേഷനുകൾ 16.1.2020 ദിവസം 3.30 P.m ന് പർച്ചേയ്സ് കമ്മറ്റിയുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതായിരിക്കും . മേൽ വർക്ക് ചെയ്യുന്നതിനാവശ്യമായ സമയ പരിധി ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

ഇപ്രകാരം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ തന്നെ തള്ളികളയുന്നതിനുമുള്ള അധികാരം ജോയിന്റ് കമ്മീഷണർ (ലാൻഡ് റവന്യൂ)- ൽ നിക്ഷിപ്തമാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർക്കുവേണ്ടി

ഉള്ളടക്കം - എസ്റ്റിമേറ്റ്

പകർപ്പ്

1. സീനിയർ സൂപ്രണ്ട് , (ജി സെക്ഷൻ) നോട്ടീസ് ബോർഡിൽ പതിച്ചു നടത്തുന്നതിനായി
2. നോഡൽ ഓഫീസർ , ഐ.റ്റി. സെൽ , വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്